ഉത്തരം

(എ) (രൂപ ലക്ഷത്തിൽ)

1996-1997	64,303.13
1997-1998	1,12,291.12
1998-1999	2,02,996.46
1999-2000	3,62,421.01

(ബി) (രൂപ കോടിയിൽ)

1996-1997	4,070.18
1997-1998	4,930.52
1998-1999	9,027.20
1999-2000	14,700.20
2000-2001	എ.ജി.യുടെ കണക്കുകൾ ലഭ്യമായിട്ടില്ല.

(സി) ബഡ്ജറ്റ് രേഖകൾ പ്രകാരം 31-3-2001-ൽ 23,006.90 കോടി രൂപയാണ് സർക്കാരിന്റെ കടം.

(ഡി) നിക്ഷേപകർ അവശ്യപ്പെടുന്നതനുസരിച്ച് തിരിച്ചു കൊടുക്കേണ്ടതാണ്.

(ഇ) ഉണ്ട്.

(എഫ്) 2,009.91 കോടി രൂപ.

വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുള്ള വായ്പ

131 (400) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പൊതുകടം എടുപ്പും പശ്ചാത്തല വികസനത്തിനുള്ള കടമെടുപ്പും ഒഴിച്ച് ഏതെല്ലാം വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വായ്പ വാങ്ങിയിട്ടുണ്ട് ;

(ബി) ഈ കാലത്ത് ഓരോ പ്രാവശ്യവും ഓരോ വ്യക്തിയിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ വായ്പ എത്രയെന്ന് പറയുമോ ;

(സി) ഈ വായ്പയുടെ പലിശയിനങ്ങളിൽ ഇതുവരെ എന്തു തുക കൊടുത്തിട്ടുണ്ട് ?

ഉത്തരം

(എ) എൽ. ഐ. സി., ജി. ഐ. സി., എൻ.സി.ഡി.സി., നബാർഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പ വാങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എൽ. ഐ. സി. 572.48 കോടി രൂപ
ജി. ഐ. ഡി. 123.76 "
എൽ.സി.ഡി.സി. 38.66 "
നബാർഡ് 25.82 "

(സി) 90 കോടി രൂപ കൊടുത്തിട്ടുണ്ട്.

റവന്യൂ വരുമാനം

132 (420) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-91ലും 1995-96ലും ഗവൺമെന്റിന്റെ റവന്യൂ വരുമാനം എത്ര വീതമായിരുന്നു ;

(ബി) 1996-97, 1997-98, 1998-99, 1999-2000 എന്നീ കഴിഞ്ഞ നാല് സാമ്പത്തിക വർഷം റവന്യൂ വരുമാനം എത്ര വീതമായിരുന്നു ;

(സി) ഈ നാല് വർഷങ്ങളിൽ എ.ആർ.എം. ആയി എത്ര സമാഹരിക്കുവാൻ ലക്ഷ്യമിട്ടിരുന്നു എന്നും എത്ര രൂപ വീതം സമാഹരിക്കാൻ സാധിച്ചു എന്നും വ്യക്തമാക്കാമോ ;

(ഡി) 1990-91, 1995-96, 1996-1997, 1997-98, 1998-99, 1999-2000 എന്നീ ആറ് വർഷങ്ങളിലെ റവന്യൂ വരുമാനത്തിൽ നികുതി വരുമാനവും നികുതിയേതര വരുമാനവും എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1990-91 2,402.93 കോടി രൂപ
1995-96 5,423.56 കോടി രൂപ
(ബി) 1996-1997 6,145.08 കോടി രൂപ
1997-98 7,124.11 കോടി രൂപ
1998-99 7,200.59 കോടി രൂപ
1999-2000 8,736.91 കോടി രൂപ
(പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം)

(സി) ലക്ഷ്യമിട്ട തുക
1996-97 93.00 കോടി രൂപ
1997-98 225.70 കോടി രൂപ
1998-99 317.00 കോടി രൂപ
1999-2000 396.55 കോടി രൂപ
2000-2001 108.10 കോടി രൂപ

എ.ആർ.എം. വഴിയുള്ള വരവ് പ്രത്യേകമായി അക്കൗണ്ട് ചെയ്യാത്തതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly